വയനാട്-കൽപ്പറ്റ വില്ലേജിലെ താമസക്കാർക്ക് ഭൂമി പതിച്ചു നൽകാൻ നടപടി

3 [1413] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട കൽപ്പറ്റ വില്ലേജിലെ ഗൂഡലായി കുന്നിൽ റീ സർവേ ബ്ലോക്ക് 19-ൽപ്പെട്ട പ്രദേശത്ത് ഭൂമി കൈവശം വച്ച് താമസിച്ചു വരുന്നവരിൽ നിന്ന് 1993-94 വരെ സ്വീകരിച്ചുവന്നിരുന്ന ഭൂനികുതി അതിനുശേഷം സ്വീകരിക്കാത്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂനികുതി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഭൂമി അസൈനബിൾ ലാൻഡ് ആയി പ്രഖ്യാപിച്ച് കൈവശക്കാർക്ക് പതിച്ചുകൊടുക്കണമെന്ന ഇവരുടെ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവരിൽ ബഹുഭൂരിപക്ഷം പേരും വളരെ കുറച്ച് ഭൂമി മാത്രം കൈവശം വയ്ക്കുന്നവരാണെന്ന് പരിഗണിച്ച് മുഴുവൻ കൈവശക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീസർവേ റിക്കാർഡുകളിൽ ടി ഭൂമി ജോൺ ഫ്ളെച്ചർ എന്നയാളുടെ പേരിലാണ് വന്നിട്ടുള്ളത്. ടിയാന്റെ സ്ഥലം ഗവൺമെന്റ് എസ്റ്റേറ്റ് ഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

(സി) ഉണ്ട്.

(ഡി) 1964-ലെ കേരള എസ്റ്റേറ്റ് ആന്റ് ലാൻഡ് ഹോൾഡിങ്ങ്സ് ആക്ടിലെ 9 (2) വകുപ്പുപ്രകാരം, എസ്റ്റേറ്റ് ലാൻഡ് ആയി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി 12 വർഷമോ അതിൽ കൂടുതലോ സർക്കാർ കൈവശം സൂക്ഷിച്ചതിനുശേഷം മാത്രമേ ഭൂമി പതിവു ചട്ടങ്ങൾപ്രകാരം പതിച്ചു നൽകുവാൻ കഴിയുകയുള്ളൂ.

മദ്ധ്യ വടക്കൻ ജില്ലകളിലെ സർവ്വെ നടപടി

4 [1414] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യ വടക്കൻ ജില്ലകളിലെ റോഡുകളുടേയും റവന്യൂ ഭൂമിയുടേയും, സ്വകാര്യ ഭൂമിയുടേയും സർവ്വെ നടത്തുവാൻ ഏതെങ്കിലും ഏജൻസിക്ക് സർക്കാർ അനുവാദം കൊടുക്കുകയുണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച് 14-7-2003-ലെ 52382/ഇ3/03/റവന്യൂ എന്ന നമ്പരായുള്ള പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വിഷയം ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) കേരളത്തിലെ മദ്ധ്യ വടക്കൻ ജില്ലകളിൽ എക്സ്പ്രസ് ഹൈവേ, ഭാരത് ഗ്യാസ് പൈപ്പ് ലൈൻ എന്നിവയ്ക്കുവേണ്ടി പ്രൈവറ്റ് ഏജൻസികൾ സർവെ ചെയ്തുവരുന്നതായും റവന്യൂ വകുപ്പിന് യാതൊരു ബന്ധവും ഇല്ല എന്നും ഉള്ള വകുപ്പുതല ഉദ്യോഗസ്ഥരുടെ റിപ്പോർട്ടനുസരിച്ച് റവന്യൂ വകുപ്പിൽ കൈകാര്യം ചെയ്തിരുന്ന 52382/ഇ3/03/റവന്യൂ നമ്പർ ഫയൽ പൊതുമരാമത്തു വകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചുകൊടുത്തിരിക്കയാണ്.

കുമ്മാളി കൈവശ കർഷക ആക്ഷൻ കമ്മിറ്റിയുടെ നിവേദനം

5 [1415] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലുള്ള കുമ്മാളിയിലെ ത്രേസ്യാമ്മ വർഗീസ് എന്ന ആളിൽ നിന്നും ഭൂമി വാങ്ങിയ കർഷകരെ കുടിയൊഴിപ്പിക്കുന്നത് സംബന്ധിച്ച് കുമ്മാളി കൈവശ കർഷക ആക്ഷൻ കമ്മിറ്റിയുടെ നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരം അറിയിക്കാമോ?

ഉത്തരം

(എ) ശ്രീമതി വർഗ്ഗീസിന്റെ പക്കൽ നിന്നും ഏറ്റെടുക്കാൻ ഉത്തരവായ മിച്ച ഭൂമിയിലെ കയ്യേറ്റക്കാരുടെ പ്രശ്നം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമിയിലെ കൈവശക്കാർക്ക് അവരുടെ കയ്യേറ്റ ഭൂമിയിലെ അവകാശം സാധൂകരിച്ച് നൽകുന്ന കാര്യത്തിൽ കണ്ണൂർ ജില്ലാ കളക്ടറുമായി ആലോചിച്ച് മേൽ നടപടികൾ സ്വീകരിക്കുവാൻ ലാന്റ് ബോർഡ് സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മിച്ചഭൂമി സംബന്ധിച്ച സീലിംഗ് കേസിൽ താലൂക്ക് ലാന്റ് ബോർഡിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇതിന്മേൽ തളിപ്പറമ്പ താലൂക്ക് ലാന്റ് ബോർഡിന്റെ അഭിപ്രായംകൂടി ആരായേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly